# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2268 — 12.02.2020-ൽ മറുപടിയ്ക്ക്

**കാരുണ്യ ചികിൽസാ പദ്ധതി**

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>,, പി.ജെ.ജോസഫ്<br>,, സി.എഫ്.തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് തുടർ ചികിത്സയ്ക്കായി ചികിത്സാ കാർഡ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ; | (എ) | നിലവിൽ സാധുതയുള്ള RSBY, CHIS കാർഡുള്ളവർക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. |
| (ബി) | മാരക രോഗങ്ങൾക്ക് അടിപ്പെടുന്ന വർക്ക് പ്രസ്തുത പദ്ധതി പ്രകാരം ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രി കളെ സമീപിക്കാമോ; ഹീമോഫീലിയ, കാൻസർ എന്നിവയുടെ ചികിത്സയ്ക്കും ഡയാലിസിസിനും കാരുണ്യ ചികിത്സാ പദ്ധതിയിൽ നൽകുന്ന സൗജന്യങ്ങൾ വ്യക്തമാക്കാമോ; | (ബി) | കാരുണ്യ ബനവലൻറ് ഫണ്ട് ചികിത്സാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ ഹീമോഫീലിയ രോഗികൾക്കും 31.03.2020 വരെ തുക പരിധിയില്ലാതെയും, വൃക്ക രോഗങ്ങൾക്ക് 2 ലക്ഷം രൂപവരെയും, മറ്റ് നിശ്ചിത രോഗങ്ങൾക്ക് 3 ലക്ഷം രൂപവരെയും ചികിത്സാ സഹായം നൽകുന്നതാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലും ടി പദ്ധതി പ്രകാരമുള്ള ചികിത്സാ ലഭ്യമാണ്. |
| (സി) | 2020 മാർച്ച് 31ന ശേഷം കാരുണ്യ ചികിത്സാ പദ്ധതിയുടെ ആനുകൂല്യ ങ്ങൾ തുടരുമോയെന്ന് അറിയിക്കാ മോ? | (സി) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരമുള്ള എല്ലാ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരമുള്ള ചികിത്സ 31.03.2020 വരെ മാത്രമെ ലഭ്യമാകുകയുള്ളൂ. എന്നാൽ ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമാ |

| | | | |
|---|---|---|---|
| | | | യിട്ടുള്ള കുടുംബങ്ങൾക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ